ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 26-07-2026** **TIME : 12.50 PM**

### പ്രധാന വാർത്തകൾ

1. കാർഗിൽ വിജയ് ദിവസിൽ, സൈനികരുടെ ധീരോജ്ജ്വലമായ ത്യാഗങ്ങൾക്ക് മുന്നിൽ ആദരാഞ്ജലികൾ അർപ്പിച്ച് രാജ്യം. സൈനികരുടെ മനോധൈര്യത്തെ പ്രകീർത്തിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി.

**On the occasion of Kargil Vijay Diwas, the nation paid tribute to the brave sacrifices of its soldiers. Prime Minister Narendra Modi lauded the courage and unwavering spirit of the armed forces.**

2) പ്രതിരോധ രംഗത്തെ ഇന്ത്യയുടെ സ്വയംപര്യാപ്തതയെക്കുറിച്ചും മൻ കി ബാത്തിൽ പരാമർശം. സ്വാതന്ത്ര്യ ദിനഘോഷങ്ങളുടെ ഭാഗമായി എല്ലാ വീടുകളിലും ഇക്കുറി ത്രിവർണ്ണ പതാക ഉയർത്തണമെന്നും പ്രധാനമന്ത്രി.

**In his Mann Ki Baat address, the Prime Minister highlighted India's growing self-reliance in the defence sector. As part of the Independence Day celebrations, he also urged citizens to hoist the Tricolour at every home this year.**

3) 'കാച്ച് ദി റെയിൻ' കാമ്പെയ്നിൻ ബഹുജന പ്രസ്ഥാനമാക്കി മാറ്റണമെന്ന് മൻ കി ബാത്തിൽ അഭ്യർത്ഥന.

കോമൺവെൽത്ത് ഗെയിംസിൽ പങ്കെടുക്കുന്ന ഇന്ത്യൻ താരങ്ങൾക്ക് പ്രധാനമന്ത്രി ആശംസകൾ നേർന്നു.

**The Prime Minister appealed to people to transform the 'Catch the Rain' campaign into a mass movement during Mann Ki Baat. He also extended his best wishes to Indian athletes participating in the Commonwealth Games.**

4) വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ ചുമതലയേറ്റെടുത്ത് കേന്ദ്രമന്ത്രി പ്രൾഹാദ് ജോഷി.

**Union Minister Pralhad Joshi assumed charge of the Ministry of Education today.**

5)പൊതു പരീക്ഷകളിലെ ക്രമക്കേടുകൾ തടയുന്നതിനുള്ള ഭേദഗതി ബിൽ കേന്ദ്ര സർക്കാർ നാളെ ലോക്സഭയിൽ അവതരിപ്പിക്കും.

**Government to introduce Public Examinations (Prevention of Unfair Means) Amendment Bill, 2026 in Lok Sabha tomorrow**

6)ഇന്ത്യ - സിംബാബ്വെ ടി-20 ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം ഇന്ന്.

**The third and final India-Zimbabwe T20 International match will be played today.**

&&&&&&&&&&&&&&&&&

**HEADLINE-1**

**MKB Kargil**

കാർഗിൽ വിജയ് ദിവസിൽ, സൈനികരുടെ അവിശ്വസനീയ ധൈര്യത്തിന് മുന്നിൽ ആദരം അർപ്പിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. കാർഗിലിലെ ഉയർന്ന കൊടുമുടികൾ, കഠിനമായ കാലാവസ്ഥ, ശത്രുക്കൾ ഉയർത്തുന്ന വെല്ലുവിളികൾ എന്നിവ നേരിട്ട സൈനികരുടെ മനോധൈര്യം മറ്റെന്തിനേക്കാളും വലുതാണെന്നും മൻ കി ബാത്തിൽ പ്രധാനമന്ത്രി വ്യക്തമാക്കി. രാജ്യസുരക്ഷയ്ക്കായി സൈനികർ സർവതും ത്യജിച്ചതായി പറഞ്ഞ അദ്ദേഹം കാർഗിൽ വിജയ് ദിവസ് നമ്മളിൽ അഭിമാനം നിറയ്ക്കുന്നതായും അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&&&

**INS MAHENDRAGIRI (INTRO)**

***അടുത്തിടെ ഇന്ത്യൻ നാവിക സേനയുടെ ഭാഗമായി മാറിയ യുദ്ധക്കപ്പൽ ഐഎൻഎസ് മഹേന്ദ്രഗിരി , സ്വയം പര്യാപ്ത ഭാരതത്തിന്റെ പ്രതീകമാണെന്നും മൻകി ബാത്തിൽ പ്രധാനമന്ത്രി പറഞ്ഞു. ഈ ആധുനിക യുദ്ധക്കപ്പലിന്റെ 75 ശതമാനത്തിലധികവും തദ്ദേശീയമായാണ് നിർമിച്ചതെന്നും അദ്ദേഹം വ്യക്തമാക്കി. ഇന്ത്യയുടെ പ്രതിരോധ ഉപകരണങ്ങളിലും സാങ്കേതികവിദ്യയിലും ലോകത്തിന്റെ ആത്മവിശ്വാസം വർദ്ധിച്ചു വരികയാണെന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.***

***(വോയിസ് - പി എം)***

***ഡി.ആർ.ഡി.ഒ. പിനാക്ക ലോംഗ് റേഞ്ച് ഗൈഡഡ് റോക്കറ്റ്, കുശ മിസൈൽ എന്നിവയുടെ വിജയകര പരീക്ഷണത്തെക്കുറിച്ചും, ഇന്തോനേഷ്യയിൽ ബ്രഹ്മോസ്, അസ്ത്ര മിസൈലുകൾക്കായി സുപ്രധാന കരാർ ഒപ്പുവച്ചതിനെക്കുറിച്ചും ശ്രീ മോദി മൻ കി ബാത്തിൽ പരാമർശിച്ചു.***

&&&&&&&&&&&&&&&&&

**MKB Commonwealth**

ഗ്ലാസ്ഗോയിൽ നടക്കുന്ന കോമൺവെൽത്ത് ഗെയിംസിൽ പങ്കെടുക്കുന്ന ഇന്ത്യൻ താരങ്ങൾക്ക് പ്രധാനമന്ത്രി ആശംസകൾ നേർന്നു. രാജ്യത്തെ യുവജനങ്ങൾ കായികരംഗത്ത് നിരവധി ശ്രദ്ധേയമായ നേട്ടങ്ങൾ സമീപകാലത്ത് കൈവരിച്ചതായും ശ്രീ മോദി പറഞ്ഞു. ജപ്പാൻ

ഓപ്പൺ കിരീടം നേടിയ പി.വി.സിന്ധുവിനെയും , ലോർഡ്സ് ക്രിക്കറ്റ് ടെസ്റ്റിൽ വിജയിച്ച ഇന്ത്യൻ വനിതാ ടീമിനെയും അദ്ദേഹം അഭിനന്ദിച്ചു. എറണാകുളത്തെ സൗത്ത് ചിറ്റൂരിൽ ഫുട്ബോളിലൂടെ സംസ്കൃതത്തെ സവിശേഷമായ രീതിയിൽ ജനപ്രിയമാക്കുന്ന അധ്യാപകൻ ശ്രീ അഭിലാഷിനെക്കുറിച്ചും പ്രധാനമന്ത്രി മൻ കി ബാത്തിൽ പരാമർശിച്ചു. സംസ്കൃത അക്ഷരങ്ങളെ ഫുട്ബോളിൽ ഉപയോഗിക്കുന്ന വാക്കുകളുമായി ബന്ധിപ്പിച്ചുകൊണ്ട് ലളിതമായ രീതിയിലാണ് 'അക്ഷരകംദുക' എന്ന ഈ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്.

&&&&&&&&&&&&&&&&&&

## HEADLINE-3

## MKB Catch Rain

'കാച്ച് ദി റെയിൻ' കാമ്പെയ്നിനെക്കുറിച്ചും പ്രധാനമന്ത്രി മൻ കി ബാത്തിൽ പ്രത്യേകം പരാമർശിച്ചു. ഓരോ തുള്ളി മഴയും സംരക്ഷിക്കാൻ ഈ കാമ്പെയ്നെ ബഹുജന പ്രസ്ഥാനമാക്കി മാറ്റണമെന്ന് അദ്ദേഹം ജനങ്ങളോട് അഭ്യർത്ഥിച്ചു. എവിടെ മഴ പെയ്താലും, എപ്പോൾ പെയ്താലും അപ്പോൾതന്നെ വെള്ളം ശേഖരിക്കുക എന്നതാണ് കാച്ച് ദി റെയിൻറെ സന്ദേശം. ജൂലൈ 4 മുതൽ രാജ്യമെമ്പാടും ആരംഭിച്ച ഈ കാമ്പയിൻ, മഴവെള്ള സംഭരണം, ജലസ്രോതസ്സുകളുടെ പുനരുജ്ജീവനം, വൃക്ഷത്തൈ നടീൽ എന്നിവയ്ക്ക് പുതിയ മാർഗ്ഗം നൽകുന്നതായും പ്രധാനമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## OLIMPYAD (INTRO)

***സ്വകാര്യ മേഖല വികസിപ്പിച്ച രാജ്യത്തെ ആദ്യ റോക്കറ്റായ വിക്രം-1 ന്റെ വിജയകരമായ വിക്ഷേപണം ഓരോ ഭാരതീയനും അഭിമാനം സമ്മാനിച്ചതായി പ്രധാനമന്ത്രി നരേന്ദ്രമോദി മൻകി ബാത്തിൽ പറഞ്ഞു. ബഹിരാകാശ മേഖല സ്വകാര്യ മേഖലയ്ക്ക് തുറന്നുകൊടുത്തതിന്റെ ഗുണഫലങ്ങൾക്ക് ഇന്ന്, ലോകം സാക്ഷ്യം വഹിക്കുന്നുവെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഒളിമ്പ്യാഡുകളുടെയും ഹാക്കത്തോണുകളുടെയും സംസ്കാരം രാജ്യത്ത് നിരന്തരം വളർന്നുവരുന്നത് സന്തോഷകരമാണെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.ഈ മാസം***

*നടന്ന **Physics, Chemistry, Biology, Mathematics** ഒളിംപ്യാഡുകളിൽ ഇന്ത്യയിൽ നിന്നുള്ള വിദ്യാർഥികൾ നടത്തിയ മികച്ച പ്രകടനം അനുസ്മരിച്ച അദ്ദേഹം രാജ്യത്തിന്റെ യുവശക്തിയിൽ അഭിമാനിക്കുന്നതായും പറഞ്ഞു.*

*(വോയിസ്- പ്രധാനമന്ത്രി)*

**&&&&&&&&&&&&&&&&&&**

**KUTHAMPULLI (INTRO)**

*അടുത്തമാസം 7 ന്, രാജ്യം 'ദേശീയ കൈത്തറി ദിനം' ആഘോഷിക്കുന്ന വേളയിൽ, കൈത്തറി മേഖലയിൽ തൊഴിലെടുക്കുന്നവരെക്കുറിച്ച് പ്രധാനമന്ത്രി മൻ കി ബാത്തിൽ പ്രത്യേകം പരാമർശിച്ചു. ഭാരതത്തിന്റെ സാംസ്കാരിക പൈതൃകത്തെ ഇവർ അഭിമാനത്തോടെ സംരക്ഷിക്കുന്നതായി പോച്ചംപള്ളി മുതൽ പട്ന വരെയും കുത്താംപുള്ളി മുതൽ കച്ച് വരെയുമുള്ള ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടി പ്രധാനമന്ത്രി പറഞ്ഞു. വരാനിരിക്കുന്ന ഉത്സവവേളയിൽ ഖാദി, കൈത്തറി, ഉൽപ്പന്നങ്ങൾ വാങ്ങണമെന്നും ശ്രീ.മോദി ജനങ്ങളോട് അഭ്യർത്ഥിച്ചു.*

**&&&&&&&&&&&&&&&&&&**

**MKB ek ped**

'ഏക് പേഡ് മാ കേ നാം' കാമ്പെയ്നിലൂടെ, രാജ്യത്തെ ജനങ്ങൾ പ്രകൃതിയോടുള്ള ഉത്തരവാദിത്തം നിറവേറ്റുന്നതായും, പ്രചോദനാത്മകമായ വിവിധ ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടി പ്രധാനമന്ത്രി പറഞ്ഞു. ഗിർ വന സംരക്ഷണ-പുനരുദ്ധാരണ ശ്രമങ്ങളെ തുടർന്ന്, 60 വർഷത്തിനുശേഷം, ഗിർവനങ്ങളിൽ വീണ്ടും കൂടുകൂട്ടാനെത്തിയ ഇന്ത്യൻ ഗ്രേ ഹോൺബിൽ വേഴാമ്പലുകളെക്കുറിച്ചും അദ്ദേഹം പറഞ്ഞു. പ്ലാസ്റ്റിക് മലിനീകരണം ലോകമൊട്ടാകെ പരിസ്ഥിതിക്ക് വലിയ വെല്ലുവിളി ഉയർത്തുന്നാതായി പറഞ്ഞ ശ്രീ മോദി പ്ലാസ്റ്റിക് ശരിയായ രീതിയിൽ സംസ്കരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ഓർമപ്പെടുത്തി.

**&&&&&&&&&&&&&&&&&&**

**HEADLINE-2**

**HAR GHAR THIRANGA (INTRO)**

***ഓഗസ്റ്റ് 15 ന് രാജ്യം സ്വാതന്ത്ര്യ ദിനം ആഘോഷിക്കാനിരിക്കെ, ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനായി സർവ്വവും സമർപ്പിച്ച എണ്ണമറ്റ ധീരരെ പ്രധാനമന്ത്രി മൻ കി ബാത്തിൽ സ്മരിച്ചു. ഓരോ ഭാരതീയനും അഭിമാനിക്കുന്ന ദിവസമാണിതെന്ന് അദ്ദേഹം പറഞ്ഞു. , "ഹർ ഘർ തിരംഗ" കാമ്പയിൻ പൂർണ്ണ ആവേശത്തോടെ ഈ വർഷവും മുന്നോട്ട് കൊണ്ടുപോകണമെന്നും, വീടുകളിൽ ത്രിവർണ്ണ പതാക പൂർണ്ണ ബഹുമാനത്തോടെ ഉയർത്തണമെന്നും പ്രധാനമന്ത്രി അഭ്യർഥിച്ചു.***

***( ഹർ ഘർ തിരംഗ- വോയിസ് )***

***സ്വാതന്ത്ര്യ ദിനത്തിന് മുൻപായി ജനങ്ങൾ ആശയങ്ങളും നിർദ്ദേശങ്ങളും പതിവുപോലെ MyGov- ൽ പങ്കിടണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടാണ് പ്രധാനമന്ത്രി മൻ കി ബാത്തിന്റെ 136 ആം പതിപ്പ് ഉപസംഹരിച്ചത്.***

&&&&&&&&&&&&&&&&&

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്......

(ബ്രേക്ക്)

&&&&&&&&&&&&&&&&&

**KARGIL VIJAY DIWAS**

രാജ്യത്തിനായി ജീവൻ ബലിയർപ്പിച്ച ധീരസൈനികർക്ക് 27-ാമത് കാർഗിൽ വിജയ് ദിവസിൽ ആദരാഞ്ജലികൾ അർപ്പിച്ച് രാഷ്ട്രപതിയും ഉപരാഷ്ട്രപതിയും പ്രധാനമന്ത്രിയും ഉൾപ്പെടെയുള്ള പ്രമുഖർ. സൈനികരുടെ സമാനതകളില്ലാത്ത ധീരതയ്ക്കും, പരമോന്നതമായ ദേശസ്നേഹത്തിനും രാജ്യം എക്കാലവും കടപ്പെട്ടിരിക്കുന്നതായി രാഷ്ട്രപതി ദ്രൗപദി മുർമു വ്യക്തമാക്കി. കാർഗിൽ യുദ്ധത്തിൽ ഇന്ത്യയെ ചരിത്ര വിജയത്തിലേക്ക് നയിച്ചത് സൈനികരുടെ അസാധാരണമായ ധൈര്യവും, അചഞ്ചലമായ

ദൃഢനിശ്ചയവും, പരമമായ ത്യാഗവും ആണെന്ന് ഉപരാഷ്ട്രപതി സിപി രാധാകൃഷ്ണൻ അഭിപ്രായപ്പെട്ടു. 1999-ലെ കാർഗിൽ യുദ്ധത്തിൽ പാകിസ്ഥാനെതിരെ ഇന്ത്യ നേടിയ ചരിത്രവിജയത്തെയാണ് രാജ്യം ഈ ദിനത്തിൽ അനുസ്മരിക്കുന്നത്. ഏതു വെല്ലുവിളിയും നേരിടാൻ ഇന്ത്യ സജ്ജമാണെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ് പറഞ്ഞു. കാർഗിൽ വിജയ് ദിവസ് ഇന്ത്യൻ സൈന്യത്തിൻറെ അസാധാരണമായ ധൈര്യത്തിൻറെയും വീര്യത്തിൻറെയും പ്രതീകമാണെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&&&&

## HEADLINE-4 & 5

## PARLIAMENT - BILL

പൊതു പരീക്ഷകളിലെ ക്രമക്കേടുകൾ തടയുന്നതിനുള്ള ഭേദഗതി ബിൽ കേന്ദ്ര സർക്കാർ നാളെ ലോക്സഭയിൽ അവതരിപ്പിക്കും. ഇത് സംബന്ധിച്ച , 2024 ലെ നിയമം ഭേദഗതി ചെയ്യുന്ന ബിൽ കേന്ദ്ര മന്ത്രി ജിതേന്ദ്ര സിംഗായിരിക്കും അവതരിപ്പിക്കുക. ഫാസ്റ്റ് ട്രാക്ക് കോടതികൾ സ്ഥാപിക്കുന്നതിനും ചോദ്യ പേപ്പർ ചോർച്ച, പരീക്ഷാ ക്രമക്കേടുകൾ എന്നിവയിൽ കർശനമായ ശിക്ഷ ഉറപ്പാക്കുന്നതിനുമുള്ള കരട് ബിൽ വെള്ളിയാഴ്ച കേന്ദ്ര മന്ത്രിസഭ അംഗീകരിച്ചിരുന്നു. നീറ്റ് ചോദ്യപേപ്പർ ചോർച്ച വിഷയത്തിൽ കേന്ദ്രമന്ത്രി ധർമേന്ദ്ര പ്രധാൻ രാജി വെച്ചതിനെ തുടർന്ന്, കേന്ദ്രമന്ത്രി പ്രൾഹാദ് ജോഷി ഇന്ന് വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ ചുമതലയേറ്റെടുത്തു. നിലവിൽ ഉപഭോക്തൃ - പൊതുവിതരണ - പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന്റെ ചുമതലയും അദ്ദേഹം വഹിക്കുന്നുണ്ട്.

&&&&&&&&&&&&&&&&&&

## MEA ADVISORY

നിലവിലെ സംഘർഷാവസ്ഥ കണക്കിലെടുത്ത് കരിങ്കടൽ മേഖലയിൽ പ്രവർത്തിക്കുന്ന കപ്പലുകളിൽ ജോലി ചെയ്യുന്ന ഇന്ത്യൻ പൗരന്മാർക്ക് മുന്നറിയിപ്പുമായി വിദേശ കാര്യ മന്ത്രാലയം. സുരക്ഷയും അപകട സാധ്യതകളും ശ്രദ്ധാ പൂർവം വിലയിരുത്തിയ ശേഷം മാത്രമേ ഇത്തരം ജോലികൾ സ്വീകരിക്കാവൂ എന്ന് മുന്നറിയിപ്പിൽ പറയുന്നു. വാണിജ്യ

കപ്പലുകൾക്ക് നേരെയുണ്ടാകുന്ന മിസൈൽ, ഡ്രോൺ ആക്രമണങ്ങളുടെ പശ്ചാത്തലത്തിലാണ് മുന്നറിയിപ്പ്.

&&&&&&&&&&&&&&&&&&

**BUS TRAGEDY**

മലപ്പുറം കുറ്റിപ്പുറത്ത് ബസ് തലകീഴായി മറിഞ്ഞു. അപകടത്തിൽ കോഴിക്കോട് പെരുവയൽ സ്വദേശി വൈഷ്ണവ് മരിച്ചു. നിരവധി പേർക്ക് പരിക്കേറ്റു. കോഴിക്കോട് - തൃശൂർ റൂട്ടിലെ ബസ്സാണ് അപകടത്തിൽ പെട്ടത്. ഡിവൈഡറിൽ തട്ടിയ ബസ് തലകീഴായി മറിയുകയായിരുന്നു.

&&&&&&&&&&&&&&&&&&

**HEADLINE-6**

**T-20 CRICKET**

ഇന്ത്യ - സിംബാബ്വെ ടി-20 ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം ഇന്ന് വൈകിട്ട് 4.30 ന് ഹരാരയിൽ നടക്കും. ഇന്നലെ നടന്ന മത്സരത്തിൽ 90 റൺസിന് ഇന്ത്യ വിജയിച്ചിരുന്നു. മൂന്ന് മത്സരങ്ങളുള്ള പരമ്പരയിൽ ഇന്ത്യ 2-0 ത്തിന് മുന്നിലാണ്.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&